പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 341

25.06.2013 ൽ മറുപടിയ്ക്ക്

## ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സാധ്യതകൾ

ചോദ്യം

ശ്രീ. വി.റ്റി. ബൽറാം
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. എം.പി. വിൻസെന്റ്

ഉത്തരം

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
( ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കൽ, ഖാദി നെയ്ത്തിൽ പരിശീലന പരിപാടി, പുതിയ ചർക്കകൾ/തറികൾ സ്ഥാപിക്കൽ, നിലവിലുള്ള ചർക്കകൾ/തറികൾ നന്നാക്കൽ, സിൽക്ക് ഉല്പാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളും ഗ്രാമവ്യവസായ മേഖലയിൽ പ്രത്യേക തൊഴിൽദാന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (ബി) ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് എറണാകുളം, ആലപ്പുഴ, കോട്ടയം പ്രോജക്ടുകളുടെ കീഴിൽ ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിക്കുവാനും. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം പദ്ധതി) |

| | | | |
|---|---|---|---|
| | | | വിപുലീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് തൊഴിൽ നൽകുകയുണ്ടായി; വിശദമാക്കുമോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ ഖാദി ഗ്രാമ വ്യവസായ മേഖലയിൽ 8227 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>ഖാദി മേഖല - 922<br>ഗ്രാമവ്യവസായ മേഖല - 2000<br>പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി - 5305<br>---------<br>ആകെ 8227 |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | ഖാദിമേഖലയിൽ എറണാകുളം, ആലപ്പുഴ, കോട്ടയം പ്രോജക്ടുകളുടെ കീഴിൽ ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 2013-14 വർഷത്തേയ്ക്ക് 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഗ്രാമ വ്യവസായ മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിയ്ക്കുവേണ്ടി 2013-14 വർഷത്തേയ്ക്ക് 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയ്ക്കുവേണ്ടി 1007.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

Anadi

സെക്ഷൻ ഓഫീസർ